Draft #1 of File 59397/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 29-Oct-2020 07:37 PM - Page 1



**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവകലാശാല പരീക്ഷകളുടെ സുഗമമായ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രോ-വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ ശിപാർശകൾ - വൈസ് ചാൻസലർ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 5033/EA 2/2020/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 30.10.2020

---

*പരാമർശം:*-1.പരീക്ഷാ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി പ്രോ വൈസ് ചാൻസലറുടെ ഓഫീസിൽ 23.10.2020 തീയതിയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

2. വൈസ് ചാൻസലറുടെ 23.10.2020 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

സർവകലാശാല പരീക്ഷകളുടെ സുഗമമായ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 23.10.2020 തീയതി, ഉച്ചക്ക് 12.00 മണിക്ക് പ്രൊ-വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം രൂപീകരിച്ച ചുവടെ ചേർത്തിരിക്കുന്ന ശിപാർശകൾ വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

1. വിവിധ പ്രോഗ്രാമുകളുടെ സെമസ്റ്റർ/വാർഷിക പരീക്ഷകൾ നിശ്ചയിക്കുന്നതിന് മുൻപേ തന്നെ അവയുടെ കോഴ്സ് മാപ്പിംഗ് പൂർത്തിയായിട്ടുണ്ടെന്നും അതനുസരിച്ചുതന്നെയാണ് പരീക്ഷകൾ നടക്കുന്നതെന്നും അതത് പരീക്ഷാ ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പുവരുത്തേണ്ടതാണ്.
2. നാലാം സെമസ്റ്റർ യു.ജി യുടെ പ്രാക്ടിക്കൽ പരീക്ഷകൾ നടത്തേണ്ട ചില കോളേജുകൾ കോവിഡ്- FLT Centre ആയതിനാൽ പ്രസ്തുത കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രാക്ടിക്കൽ പരീക്ഷ അനുയോജ്യമായ മറ്റു കോളേജുകളിൽ വച്ച് നടത്തേണ്ടതാണ്.
3. രണ്ടാം സെമസ്റ്റർ യു.ജി പരീക്ഷകൾ നടക്കേണ്ട ചില കോളേജുകൾ കോവിഡ് - FLT Centre ആയതിനാൽ ടി കോളേജുകളിലെ വിദ്യാർത്ഥികളെ അടുത്തുള്ള അനുയോജ്യമായ സ്കൂൾ/കോളേജിൽ വച്ച് പരീക്ഷ എഴുതിക്കുന്നതിന് പ്രിൻസിപ്പൽമാർക്ക് അനുവാദം നൽകിയിരിക്കുന്നു.
4. മൂല്യനിർണ്ണയം കഴിഞ്ഞ ഉത്തരബുക്കുകൾ പരീക്ഷാഭവന്റെ ഗോഡൗണുകളിൽ ശാസ്ത്രീയമായി സൂക്ഷിക്കുന്നതിനും അവിടങ്ങളിൽ CCTV ക്യാമറകൾ സ്ഥാപിക്കുന്നതിനും വിശദമായ പദ്ധതി സമർപ്പിക്കുവാൻ പരീക്ഷാ കൺട്രോളറെ ചുമതലപ്പെടുത്തിയിരിക്കുന്നു.
5. B.Sc. സൈബർ ഫോറൻസിക് പരീക്ഷകൾ യഥാസമയം തന്നെ നടത്തി താമസം കൂടാതെ ഫലം പ്രസിദ്ധീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. മൈഗ്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന സെക്ഷനിൽ ആവശ്യം വേണ്ട അസ്സിസ്റ്റന്റുമാരെ നിയോഗിക്കുവാൻ നടപടിയെടുക്കേണ്ടതാണ്.
7. സർവ്വകലാശാലാ ഫ്രണ്ട് ഓഫീസിൽ പരീക്ഷാ വിഭാഗവുമായി ബന്ധപ്പെട്ട സേവനങ്ങൾ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

കാര്യക്ഷമമായി നടക്കുന്നുവെന്ന് അതതു പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പാക്കേണ്ടതാണ്.

8. ഇ-പേമെന്റ് പോർട്ടലിൽ പരീക്ഷാ നോട്ടിഫിക്കേഷനുകൾ പ്രകാരമുള്ള ഫീസ് അടയ്ക്കുന്നതിനുള്ള വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നത് ഇപ്പോൾ അക്കൗണ്ട്സ് സെക്ഷൻ ആണ്. അക്കൗണ്ട്സ് വിഭാഗം പരീക്ഷാ വിഭാഗത്തിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ടി പ്രവൃത്തി പരീക്ഷാ നോട്ടിഫിക്കേഷൻ തയ്യാറാക്കി അപ്‌ലോഡ് ചെയ്യുന്നതിനോടൊപ്പം ബന്ധപ്പെട്ട പരീക്ഷാ സെക്ഷൻ ചെയ്യേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകൃഷ്ണകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. ഡോ. ബി. കേരളവർമ്മ, കൺവീനർ, പരീക്ഷാ കാര്യങ്ങൾക്കുള്ള സിൻഡിക്കേറ്റ് സമിതി
2. അഡ്വ. എം. അനിൽകുമാർ, സിൻഡിക്കേറ്റ് അംഗം
3. വൈസ് ചാൻസലർ /പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
5. സി.ഇ സെക്ഷൻ / എ സി സി I/II / EA I/ EB VIII സെക്ഷൻ
6. എല്ലാ ജെ .ആർ /ഡി .ആർ / എ.ആർ (പരീക്ഷാ വിഭാഗം )
7. ഡി .ആർ II / എ.ആർ III (അക്കാദമിക് )/ Ac A IX/ XII സെക്ഷൻ
8. എല്ലാ ടാബുലേഷൻ സെക്ഷനുകളും / CBCSS VII/VIII സെക്ഷൻ
9. അക്കൗണ്ട്സ് / E.N / E.K II/ PR I/II / Front Office സെക്ഷനുകൾ
10. എ ഡി എ 1 / എ ആർ 1 (ഭരണ വിഭാഗം )
11. ഐ ക്യൂ എ സി /കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
12. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

Draft #1 of File 59397/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 29-Oct-2020 07:37 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം